**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2807** **24-02-2026 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ നഗരസഭയിലെ സമഗ്ര ജലസേചന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ കൃഷിഭവൻ പരിധിയിൽ നെൽകൃഷിയും പച്ചക്കറി കൃഷിയും വിപുലപ്പെടുത്തുന്നതിനായി കൃഷിഭവന്റെ പരിധിയിലുള്ള ജലസ്രോതസുകൾ പുനരുജ്ജീവിപ്പിച്ച് പുതിയ കൈത്തോടുകളും നീർച്ചാലുകളും ചിറകളും നിർമ്മിക്കുകയും നിലവിലുള്ളവ നവീകരിക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള ഒരു സമഗ്ര ജലസേചന പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച് 22.03.2025 ൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കോട്ടക്കൽ നഗരസഭയിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ച് പുതിയ കൈത്തോടുകളും നീർച്ചാലുകളും ചിറകളും നിർമ്മിക്കുവാനും നിലവിലുള്ളവയുടെ കേടുപാടുകൾ തീർത്ത് കൃഷി വിപുലപ്പെടുത്തുന്നതിനുമായി ഒരു സമഗ്ര ജലസേചന പദ്ധതി രൂപീകരിക്കുന്നതിനും അത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി ജലസേചന വകുപ്പ് ഉദ്യോഗസ്ഥരും കൃഷിവകുപ്പ് ഉദ്യോഗസ്ഥരും കർഷകരും 22/03/2025 ന് ഇന്ത്യനൂർ പാടശേഖരത്തിൽ യോഗം ചേർന്നിരുന്നു. നിലവിലുള്ള ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാനും കൈത്തോടുകൾ, നീർച്ചാലുകൾ, ചിറകൾ എന്നിവ നിർമ്മിക്കാനും നിലവിലുള്ളവ കേടുപാടുകൾ തീർത്ത് ഉപയോഗയോഗ്യമാക്കാനും യോഗത്തിൽ തീരുമാനിച്ചു.<br><br>ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മൈനർ ഇറിഗേഷൻ സെൻസസ് ലഭ്യമാകുന്നതോടുകൂടി ഈ പ്രദേശത്തെ പൊതു കുളങ്ങൾ, കിണറുകൾ, തോടുകൾ മറ്റു ജലസംരക്ഷണ നിർമ്മിതികൾ എന്നിവയെ കുറിച്ചുള്ള ഏറ്റവും വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതാണ്. നിലവിലുള്ള ഹരിത കേരളം മാസ്റ്റർ പ്ലാനിലെ വിവരങ്ങളും ഇറിഗേഷൻ സെൻസസിലെ വിവരങ്ങളും കൃഷി ഓഫീസ് മുഖേന നിലവിൽ കൃഷിക്ക് ജലദൗർലഭ്യമുള്ള പ്രദേശങ്ങളുടേയും ആവശ്യമായ ജലത്തിന്റെ അളവും സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാകുന്ന മുറക്ക് സമഗ്ര ജലസേചന പദ്ധതി എത്രയും പെട്ടെന്ന് തയ്യാറാക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് കോട്ടക്കൽ എം.എൽ.എ.നൽകിയ പ്രൊപ്പോസലിന്മേൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) | (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് കോട്ടയ്ക്കൽ എം.എൽ.എ. സമർപ്പിച്ച നിവേദനത്തിന്മേലുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | ഓഫീസിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | | |
| (സി) | കോട്ടക്കൽ നഗരസഭയിലെ നീർത്തടങ്ങളുടെ സമഗ്ര പുരോഗതിയ്ക്കായി തയ്യാറാക്കിയ ഹരിത കേരളം മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ജലസേചന വകുപ്പ്, കൃഷി വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളും ജലസംരക്ഷണ മേഖലയിൽ വിദഗ്ധരായ ആളുകളും ചേർന്ന് 2018 ൽ സർവ്വേ നടത്തി കർഷകരുമായും നാട്ടുകാരുമായും ചർച്ച ചെയ്ത് മുനിസിപ്പാലിറ്റിയിലെ ആറ് നീർത്തടങ്ങളുടെ സമഗ്ര പുരോഗതിക്കായി ഹരിത കേരളം മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. മുനിസിപ്പാലിറ്റിയിലെ സാങ്കേതിക സമിതി പ്രസ്തുത മാസ്റ്റർ പ്ലാൻ അംഗീകരിക്കുകയും ചെയ്തിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോട്ടക്കൽ നഗരസഭയിലെ നീർത്തടങ്ങളുടെ സമഗ്രപുരോഗതിയ്ക്കായി ഹരിതകേരളം മാസ്റ്റർപ്ലാൻ അടിസ്ഥാനമാക്കി ചെയ്ത പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl No | Name of Work | Amount in Lakhs | Status |
|---|---|---|---|
| 1 | Construction of a VCB at Maravattom Padasekharam in Kottakkal Municipality of Malappuram District | 11.60 | Completed |
| 2 | GENERAL-Renovation of Kanjirakulam at ward no.20 of Kottakkal Municipality.-kottakkal LA | 30.00 | Completed |
| 3 | DEPOSIT- WORKS -2022-23 -RENOVATION OF IRANIYAN CHIRA AT KOTTAKKAL MUNICIPALITY-General Civil Work | 12.53 | Completed |
| 4 | DEPOSIT- WORKS -2022-23 -RENOVATION OF MATHILAKAM CHIRA AT KOTTAKKAL MUNICIPALITY-General Civil Work | 11.60 | Completed |
| 5 | DEPOSIT- WORKS -2022-23 - CONSTRUCTION OF MARAVATTAM CHIRA AT KOTTAKKAL MUNICIPALITY-General Civil Work | 13.70 | Completed |
| 6 | DEPOSIT- WORKS -2022-23 -RENOVATION OF PERINTHATTIL CHIRA AT KOTTAKKAL MUNICIPALITY-General Civil Work | 12.33 | Completed |
| 7 | DEPOSIT- WORKS -2022-23 -RENOVATION OF NAYAR CHIRA AT KOTTAKKAL MUNICIPALITY-General Civil Work | 8.49 | Completed |
| 8 | DEPOSIT- WORKS -2022-23 -STRENGTHENING THE SIDE BUNDS OF KANNATHICHIRA THODU AT WARD NO. 10 KAVATHIKALAM IN KOTTAKKAL MUNCIPALITY, KOTTAKKAL LA-General Civil Work-1 | 23.75 | Completed |
| 9 | DEPOSIT-KOTTAKKAL DEPOSIT WORKS 2023-24-CONSTRUCTION OF KALLUPALAN CHIRA AT WARD NO.18 IN KOTTAKKAL MUNICIPALITY.-General Civil Work | 12.20 | Completed |
| 10 | DEPOSIT-KOTTAKKAL DEPOSIT WORKS 2023-24-RENOVATION WORKS TO ERANJIPADAM VCB AND KUNDANTHOTAM CHIRA AT WARD NO 24 IN KOTTAKKAL MUNCIPALITY, KOTTAKKAL LA, MALAPPURAM DISTGeneral Civil Work | 12.00 | Completed |

| | | | |
|---|---|---|---|
| 11 | DEPOSIT- WORKS -2022-23 -Side protection works to U/S sides of Maravattamchira near Pond at Kottakkal municipality. -General Civil Work | 4.82822 | Ongoing |
| 12 | DEPOSIT-KOTTAKKAL DEPOSIT WORKS 2023-24- RENOVATION OF KALLAYI PADI CHIRA AND ALIKKAL CHIRA IN KOTTAKKAL MUNCIPALITY, KOTTAKKAL LA, MALAPPURAM DIST-General Civil Work | 15.88 | Ongoing |

Sandhya

സെക്ഷൻ ഓഫീസർ